പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2523 12.03.2020-ൽ മറുപടിയ്ക്ക്

**ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. കെ. ശശീന്ദ്രൻ | ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| കേരളത്തിലെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | 10/12/2004 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 80/2004/തൊഴിൽ പ്രകാരം കേരള സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും വർക്ക്ഷോപ്പുകളുമായി ബന്ധപ്പെട്ട ജോലികൾ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ള ആളുകളുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വേണ്ടി കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ടി പദ്ധതിയുടെ ക്ഷേമനിധി വിനിയോഗ ഭരണ ചുമതല, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രകാരം ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിലോ അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലോ ഓട്ടോമൊബൈൽ വ്യവസായവുമായി ബന്ധപ്പെട്ട ജോലികൾ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് ജോലി ചെയ്യുന്ന 20 വയസ്സിനും 54 വയസ്സിനും മദ്ധ്യേ പ്രായമുള്ള ഏതൊരു വ്യക്തിയ്ക്കും പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കും. പദ്ധതിയിൽ തൊഴിൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസായി 100/-രൂപയും പ്രതിമാസം അംശദായമായി 30/-രൂപയും അടവു വരുത്തേണ്ടതാണ്. ഓരോ |

വർഷവും 25/-രൂപ ഫീസ് ഒടുക്കി സ്ഥാപന രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്. നിലവിൽ ടി പദ്ധതിയിൽ പന്ത്രണ്ടായിരത്തിൽപരം തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ